**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1834 | 14.08.2017 ൽ മറുപടിക്ക്

## പി.എച്ച്.സി-കളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തൽ

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പദ്ധതിയുടെ നിലവിലെ നടപടികൾ എന്തൊക്കെയായി ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ 680 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി. ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം വഴി അംഗീകൃത ഏജൻസികളെകൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട പ്രാഥമിക ആരോഗ്യ കേന്ദ്രളിൽ 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഇപ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുമ്പോൾ പുതിയതായി എന്തൊക്കെ സൗകര്യങ്ങളാണ് ലഭിക്കുക എന്ന് വ്യക്തമാക്കുമോ; | (ബി) | ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ജില്ലാ താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ, അടിസ്ഥാന സൗകര്യങ്ങളും ആശുപത്രി ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും ആവശ്യത്തിന് ജീവനക്കാരെ |

| | | | |
|---|---|---|---|
| | | | നിയമിച്ചുകൊണ്ടും സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, എന്നിവയ്ക്കും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ,, പബ്ളിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്ക്കരണ ത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജീവിതശൈലീരോഗ ങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പ്രാഥമിക ആരോഗ്യ പരിചരണത്തിന് ഈ കേന്ദ്രങ്ങളെ സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. ഈ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യങ്ങളൊരുക്കുവാനായി പദ്ധതി ഇനത്തിൽ തുക വകയിരുത്തിയിട്ടിണ്ട്. |
| (സി) | കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (സി) | സംസ്ഥാനത്തെ തിരഞ്ഞെടുത്ത 170 പി.എച്ച്.സി-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളിൽ ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ